# ഗവ. എൽ. പി. സ്കൂൾ

പുതുശ്ശേരി




2025–26

## അക്കാദമിക മാസ്റ്റർ പ്ലാൻ

# ഗവ. എൽ.പി. സ്കൂൾ, പുതുശ്ശേരി

# ശലഭം

## 2025 – 26 അക്കാദമിക മാസ്റ്റർ പ്ലാൻ

### ആമുഖം

2025–26 അധ്യയനവർഷത്തിൽ പുതുശ്ശേരി ഗവ. എൽ.പി. സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പുർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ രൂപരേഖയാണിത്. ഭാഷ, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്നവിധത്തിലാണ് രുപകല്പന ചെയ്തിട്ടുള്ളത്.

കുട്ടികളിലുള്ള പഠനവിടവുകൾ നികത്തുകയും പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

### ലക്ഷ്യങ്ങൾ

- ❖ മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്രവായന നടത്തുകയും കൃത്യമായ സന്ദർഭങ്ങളിൽ വേണ്ടവിധം ഭാഷാശേഷി പ്രയോഗിക്കുന്നതിനുള്ള പ്രാപ്തി നേടുക.

- ❖ വായന എഴുത്ത് എന്നീ അടിസ്ഥാനശേഷികൾ മുഴുവൻ കുട്ടികളും ആർജിക്കുകയും സർഗ്ഗാത്മ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക.

- ❖ കവിതകൾ മനഃപാഠമാക്കുന്നതിനും കാവ്യകേളി പോലുള്ള കളികളിൽ ഏർപ്പെടുന്നതിന് കഴിവുള്ളവരാക്കുക.

- കഥയരങ്ങ് സംഘടിപ്പിച്ച് കഥകൾ ഭാവനാത്മകമാക്കി അവതരിപ്പിക്കുന്നതിന് പ്രാപ്തി നേടുക.

- കഥ, കവിത, ചിത്രങ്ങൾ, ലേഖനം തുടങ്ങി വ്യത്യസ്ത രചനകളിലേർപ്പെടുകയും മാസിക രൂപപ്പെടുത്തുകയും ചെയ്യുക.

- കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികളെ ഒരു യൂണിറ്റായും മൂന്ന്, നാല് ക്ലാസ്സുകളിലെ കുട്ടികളെ മറ്റൊരു ഗ്രൂപ്പായും യൂണിറ്റായും തിരിച്ച് **അക്ഷരവൃക്ഷം** എന്ന പ്രവർത്തനം നടപ്പാക്കി വരുന്നു. കുട്ടികൾക്ക് എഴുത്തിലും വായനയിലും വളരെയേറെ നേട്ടം കൈവരിക്കാൻ ഈ പ്രവർത്തനം ഉതകുന്നതാണ്.

## മണ്ണെഴുത്ത്
## തനതു പ്രവർത്തനം

മണ്ണിൽ നിന്ന് ഉടലെടുത്ത നമുക്ക് മണ്ണുമായുള്ള ബന്ധം അഭേദ്യമാണ്. ആദ്യക്ഷരങ്ങൾ വിരലോടിച്ച് മണ്ണിലൂടെ എഴുതുമ്പോൾ വിരലിന്റെ വഴക്കം, ബുദ്ധിയിൽ അക്ഷരം പതിയൽ അക്ഷരത്തിന്റെ സ്ട്രോക്കോടെയുള്ള എഴുത്തിലെ, ഘടനയിലെ വ്യക്തത, ഭംഗി, അക്ഷരത്തിന്റെ ഉച്ചാരണം പറഞ്ഞ് ഘടനയോടെ അക്ഷരം ഭംഗിയോടെ എഴുതുമ്പോൾ കുട്ടിക്ക് ലഭിക്കുന്നു. മണ്ണിലൂടെ തുടങ്ങുമ്പോൾ ഭാഷയുടെ ആദ്യക്ഷരം മാത്രമല്ല അവനിൽ ഉറയ്ക്കുക, ഉദ്ഗ്രഥനത്തിന്റെ അപഗ്രഥനവും അവനറിയാതെതന്നെ അവനിൽ നടക്കുന്നു. പരിസരപഠനത്തിന്റെയും ഗണിതത്തിന്റെയും ഭാഷയുടെയും, മുളയ്ക്കാൻ പാകമായ വിത്തുകൾ തന്നെയാണ് ഇവിടെയും പാകുന്നത്.

ഒന്നു മുതൽ നാല് വരെയുള്ള ക്ലാസ്സുകളിൽ എല്ലാ ദിവസവും ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരെയുള്ള സമയം ഇതിനായി നീക്കി വെക്കുന്നു. ഓരോ ക്ലാസ്സിനും ഓരോ മണ്ണെഴുത്ത് ചട്ട ഉണ്ട്. പ്ലൈവുഡിന്റെ ചട്ടയിൽ വെള്ള പഞ്ചസാര മണൽ തൂകിയിട്ടുണ്ട്. നനുനനുത്ത പ്രതലത്തിൽ അധ്യാപകരുടെ നേതൃത്വത്തിൽ അതതു ക്ലാസ്സുകൾക്ക് യോജിച്ച അക്ഷരങ്ങൾ, വാക്കുകൾ, വരികൾ എഴുതുന്നു, മറ്റൊരു കുട്ടി വായിക്കുന്നു, കട്ടിയുള്ള വാക്കുകൾ എഴുതി ടീമായി തിരിഞ്ഞുകളി, എതിർ ടീമിലെ കുട്ടിയുടെ കണ്ണുകൾ അടച്ച് മറ്റേ കുട്ടി കണ്ണടച്ച കുട്ടിയുടെ ചൂണ്ടുവിരൽ തൊട്ട് എഴുതിക്കുന്നു. ആദ്യം അക്ഷരങ്ങൾ, പിന്നീട് വാക്കുകൾ, വരികൾ തുടങ്ങിയവ എഴുതുമ്പോൾ കണ്ണുതുറക്കാതെ പറയണം. ഇങ്ങനെ ദിനവും തുടരന്ന ഈ തനതു പ്രവർത്തനം ഇംഗ്ലീഷ് ഭാഷാ വികാസത്തിനും ഉപയോഗിക്കാൻ തക്കവണ്ണം ആസൂത്രണം ചെയ്തിട്ടുണ്ട്.

| അ | അമ്മ | അമ്മ മലയാളം |
|---|---|---|

| ഉത്സവം | ഭാരതം |
|---|---|

| Rainbow | Matchbox |
|---|---|

മണ്ണെഴുത്തിൽ വഴക്കവും തഴക്കവും വന്ന് പുരോഗമിക്കുന്നതനുസരിച്ച് ഇംഗ്ലീഷ് മലയാളം ലാങ്‌വേജ് ലാബുകളുടെ പ്രവർത്തനവും വിപുലീകരിച്ച് സ്കൂളിലെ മുഴുവൻ കുട്ടികളേയും സ്വതന്ത്ര വായനയിലേക്കും രചനയിലേക്കും പൂർണ്ണമായും എത്തിക്കുക എന്നത് ഈ തനതു പ്രവർത്തനം ലക്ഷ്യമിടുന്നു.

പ്രവർത്തനം : 1

പേര് : മലയാളം ഡയറി

ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളം എഴുതാനും വായിക്കാനും കഴിയുക | ഓരോ ദിവസത്തേയും പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി മലയാളത്തിൽ ഡയറി എഴുതൽ | ആഴ്ചയിൽ 4 ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 2

പേര് : ചങ്ങല വായന

ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന മെച്ചപ്പെടുത്തൽ | ലൈബ്രറിയിലെ ഒരേതരം പുസ്തകം (പാഠപുസ്തകം) എടുത്ത് ചങ്ങല രീതിയിൽ (ഒരാൾ വായിച്ചു നിർത്തു ന്നിടത്തു നിന്നും അടുത്തയാൾ വായിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : വാർത്തകൾ അറിയാം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറിവു വർദ്ധിപ്പിക്കൽ | എല്ലാ വിദ്യാർത്ഥി കൾക്കും വായിക്കത്തക്ക രീതിയിൽ എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കൽ | ആവശ്യാ നുസരണം | വായനാ ക്ലബ്ബ് | |

**പ്രവർത്തനം : 4**

പേര് : ദിനാചരണങ്ങൾ

മേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | അക്കാദമിക് വർഷത്തിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു | ആവശ്യാനു സരണം | SRG | |

**പ്രവർത്തനം : 5**

പേര് : സർഗചുവർ

മേഖല : ഭാഷാശേഷി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗശേഷി വികസനം | സ്കൂളിന്റെ ഓഫീസിനു മുൻവശത്തായി ചുവരിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് സ്ഥിരം സംവിധാനം കുട്ടികളുടെ കഥ, കവിത, ചിത്രം (English ഉൾപ്പെടെ) പ്രദർശിപ്പിക്കൽ. കുട്ടികൾക്കും രക്ഷിതാക്കൾക്കും അഭിപ്രായം രേഖപ്പെടുത്താം. | വർഷം മുഴുവൻ | SRG / PTA | |

**പ്രവർത്തനം : 6**

പേര് : വായിച്ചു വളരാം

മേഖല : അക്കാദമികം ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ നിലവാരം പരിഗണിച്ചുള്ള വായനാ സാമഗ്രികളുടെ ശേഖരണം | ബാലസാഹിത്യ മാസികകൾ തളിര്, കളിക്കുടുക്ക, യൂറീക്ക ഡൈജസ്റ്റ്, ബാലരമ, ബാലഭൂമി എന്നിവ സ്പോൺസർഷിപ്പിലൂടെ വായനാ മൂലയിൽ എത്തിക്കൽ | വർഷം ഒരു പ്രാവശ്യം | ഹെഡ്മാസ്റ്റർ, ടീച്ചേഴ്സ് പി.റ്റി.എ | |

പ്രവർത്തനം : 7

പേര് : വായിച്ചു വളരാം

ഉപമേഖല : വായനാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും തെറ്റില്ലാതെ വായിക്കാൻ പഠിക്കുക | വായനയിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി ഉച്ചയ്ക്ക് അരമണിക്കൂർ വിവിധ മാർഗ്ഗങ്ങളിലൂടെ (അക്ഷര കാർഡ്, വായനാ കാർഡ്, കുഞ്ഞു പുസ്തകങ്ങൾ) വായിക്കാൻ പഠിപ്പിക്കുന്നു. | എല്ലാ ദിവസവും അര മണിക്കൂർ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 8

പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല : ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറി നവീകരണം | കുട്ടികൾ ജന്മദിനത്തിൽ ഒരു പുസ്തകം ക്ലാസ്സ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനത്തിലും | ക്ലാസ്സ് ടീച്ചർ ലീഡർ | |

പ്രവർത്തനം : 9

പേര് : അഭിമുഖം

മേഖല : സർഗശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗശേഷി വികസനം | അദ്ധ്യാപകദിനം കർഷകദിനം തുടങ്ങിയ ദിനങ്ങളിൽ അവയുമായി ബന്ധപ്പെട്ടവരുമായി അഭിമുഖം, ആദരിക്കൽ, വിവരണം തയ്യാറാക്കൽ | ദിനാചരണങ്ങൾ അനുസരിച്ച് | ടീച്ചേഴ്സ് | |

പ്രവർത്തനം : 10

പേര് : പഠന സ്മരണിക

ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രചനാ ശേഷി ആത്മവിശ്വാസം ലക്ഷ്യബോധം ഇവ വളർത്തുക | ജൂൺ മുതൽ ഫെബ്രുവരി വരെ കുട്ടി ക്ലാസ്സിൽ നടത്തിയ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെട്ട ഉല്പന്നങ്ങൾ മെച്ചപ്പെടുത്തി ഫയൽ ചെയ്യുന്നു. വർഷാവസാനം ഇവ ബൈൻഡ് ചെയ്ത് ഓരോ കുട്ടിയും പഠന സ്മരണിക പുറത്തിറക്കുന്നു. ശിശുദിനത്തിൽ കുട്ടി ആരാവാൻ ആഗ്രഹിക്കുന്നുവോ ആ വേഷം ധരിച്ച് സ്കൂളിൽ എത്തുന്നു. കുട്ടിയുടെ ഫോട്ടോ എടുത്ത് പഠന സ്മരണികയുടെ മുഖച്ചിത്രം ആക്കുന്നു. | എല്ലാ ദിവസവും അര മണിക്കൂർ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 11

പേര് : ബാലസഭ

മേഖല : ഭാഷാശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനം രസകരമാക്കൽ | പഠന പ്രവർത്തനങ്ങൾ നാടകം, സ്കിറ്റ്, കഥ, കഥാരൂപത്തിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിനം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 12

പേര് : ഗണിത പാർക്ക്

മേഖല : അക്കാദമികം ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുര തരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000 രൂ. പി.റ്റി.എ |

പ്രവർത്തനം : 13

പേര് : ഗണിത ലാബ്

മേഖല : അക്കാദമികം ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം ലളിതമാക്കൽ | ഗണിത ലാബ് സജ്ജീകരിച്ച് ക്ലാസ്സ് നടത്തൽ | ആവശ്യാ നുസരണം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 14

പേര് : ഹോണസ്റ്റി ഷോപ്പ്

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | കുട്ടികൾക്കാവശ്യമായ ബുക്ക്, പെൻസിൽ, കട്ടർ, റബ്ബർ, സ്കെയിൽ എന്നിവ സ്കൂളിൽ വാങ്ങി വയ്ക്കുന്നു. അവയുടെ വിലവിവരപ്പട്ടിക പ്രദർശിപ്പി ക്കുന്നു. കുട്ടികൾ അവർക്കാ വശ്യമായ സാധനം തനിയെ എടുത്തശേഷം എത്ര രൂപയായി എന്നു കണക്കാക്കി ബാലൻസ് എടുക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | എസ്. ആർ. ജി | സ്കൂൾ ഫണ്ട് |

പ്രവർത്തനം : 15

പേര് : ഗണിത അസംബ്ലി

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം ലഘൂകരിക്കൽ രസകരമാക്കൽ | ഗണിത കടങ്കഥകൾ, ക്വിസ്സുകൾ, ഗണിതപ്പാട്ടുകൾ, ഗണിത കഥകൾ, പസിലുകൾ | ആഴ്ചയിൽ ഒന്ന് | എസ്. ആർ. ജി | |

പ്രവർത്തനം : 16

പേര് : ഗണിതാന്തരീക്ഷം ഒരുക്കൽ

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഏണിയും പാമ്പും, മിഠായി പെറുക്കൽ, ഈർക്കിൽ കളി, സംഖ്യാ കാർഡുകൾ, സംഖ്യാ റിബൺ, രൂപങ്ങൾ നിർമ്മാണം, ഒറിഗാമി, കലണ്ടർ നിർമ്മാണം, സംഖ്യാ പോക്കറ്റ്, പസിലുകൾ, ജിയോ ബോർഡ് | രണ്ടുമാസം കൂടുമ്പോൾ | ടീച്ചേഴ്സ് | |

പ്രവർത്തനം : 17

പേര് : ഇംഗ്ലീഷ് ഡയറി

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള കഴിവു നേടൽ | ഓരോ ദിവസവും സ്കൂൾ, വീട് എന്നിവിടങ്ങളിൽ നടക്കുന്ന സംഭവങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ എഴുതൽ | | | |

പ്രവർത്തനം : 18

പേര് : ഇംഗ്ലീഷ് കോർണർ

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലസ്സ് മുറിയിൽ ഇംഗ്ലീഷ് ന്യൂസ്, സിമ്പിൾ ഇംഗ്ലീഷിൽ Rhyms, Stories, description ഇവയ്ക്കുള്ള പുസ്തകങ്ങൾ പ്രദർശിപ്പിക്കൽ | മാസം ഒന്നു വീതം | English Club | |

പ്രവർത്തനം : 19

പേര് : പദപ്രശ്ന നിർമ്മാണം

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു. വിജയിയെ കണ്ടെത്തുന്നു | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 20

പേര് : ഇംഗ്ലീഷ് സർഗാത്മക രചന

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രചനകളിൽ ഏർപ്പെടാൻ അവസരം | ഓരോ ടേമിലും പാഠഭാഗവുമായി ബന്ധപ്പെടുത്തി നടത്താവുന്ന രചനാ പ്രവർത്തനങ്ങൾ നടത്തി ഉല്പ്പന്നങ്ങൾ പതിപ്പാക്കൽ ടേം മൂല്യനിർണ്ണയ വിലയിരുത്തൽ പി.റ്റി.എ.യിൽ പ്രകാശനം | ഒരു ടേമിൽ ഒന്ന് വീതം | ക്ലാസ്സ് ടീച്ചേഴ്സ് | പി.റ്റി.എ |

പ്രവർത്തനം : 21

പേര് : ഇംഗ്ലീഷ് അസംബ്ലി

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനത്തിൽ താല്പര്യം ജനിപ്പിക്കുക | എല്ലാ വെള്ളിയാഴ്ചകളിലും എല്ലാ നടപടിക്രമങ്ങളും ഇംഗ്ലീഷിൽ, പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന വിവിധ വിഷയങ്ങളെപ്പറ്റിയുള്ള ചെറിയ ചെറിയ പ്രഭാഷണങ്ങൾ വായനാ സാമഗ്രികൾ വായിക്കൽ, സ്വയം പരിചയപ്പെടുത്തൽ ഫാമിലിയെ പരിചയപ്പെടുത്തൽ, സ്കൂളിനെ പരിചയപ്പെടുത്തൽ നാടിനെക്കുറിച്ച്, ആഘോഷങ്ങളെക്കുറിച്ച് അവതരണം English, Diary, Quiz, Rhyms, Poems, riddle | ആഴ്ചയിൽ ഒരു ദിനം | Class Teacher | |

പ്രവർത്തനം : 22

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യൽ | വാർഷികാഘോഷത്തോടനുബന്ധിച്ച് പാഠഭാഗവുമായി ബന്ധപ്പെട്ട, സ്കിറ്റ്, സംഭാഷണം, ഡ്രാമ തുടങ്ങിയവ അവതരിപ്പിക്കൽ | വർഷം ഒന്ന് | ടീച്ചേഴ്സ് പി.റ്റി.എ | |